# <u>കഴിഞ്ഞ നാലു വർഷം ഭൂവിനിയോഗ ബോർഡ് കൈവരിച്ച നേട്ടങ്ങൾ</u>

സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഭൂമിയുടെ ശാസ്ത്രീയ ഉപയോഗത്തെക്കുറിച്ചും, ഭൂവിഭവങ്ങൾ, ഭൂമിയുടെ ഫലഭൂയിഷ്ഠത, നിലവിലുള്ള ഉപയോഗം, പ്രകൃതി വിഭവങ്ങളെ കുറിച്ചുള്ള പഠനങ്ങൾ, തുടങ്ങിയവയിൽ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് പഠനം നടത്തിവരുന്നു. സംസ്ഥാന ഭൂവിനിയോഗ ബോർഡിൽ ഭൂവിഭവങ്ങളെ സംബന്ധിച്ച വിപുലമായ വിവര ശേഖരങ്ങളുണ്ട്. വകുപ്പിൽ ലഭ്യമായ ഈ സൗകര്യങ്ങളെ പല സ്ഥാപനങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്. സ്ഥലപര വിവര ശേഖരണം, ആസൂത്രണ നിർവഹണ സഹായ സംവിധാനം എന്നിവയ്ക്കുള്ള സാങ്കേതിക പരിജ്ഞാനവും സഹായവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വികസന വകുപ്പുകൾക്കും നൽകി വരുന്നു. ഭൂവിഭവ സംരക്ഷണത്തേയും ജലസംരക്ഷണത്തേയും പരിസ്ഥിതി പരിപാലനത്തേയും കുറിച്ച് ജനങ്ങളിൽ ഗാഢമായ അവബോധം സൃഷ്ടിക്കുന്നതിന് ഉതകുന്ന ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

**പ്രകൃതി വിഭവങ്ങളുടെ വ്യത്യസ്തമായ തോതുകളിലുള്ള വിവരങ്ങൾ വെബ് അധിഷ്ഠിതമായ ഒരു ഭൂവിവര സംവിധാനം വികസിപ്പിച്ച് ലഭ്യമാക്കിയതിന് സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡ് ഈ വകുപ്പിന് ലഭിക്കുകയുണ്ടായി.**

കഴിഞ്ഞ നാലു വർഷം ഭൂവിനിയോഗ ബോർഡ് കൈവരിച്ച നേട്ടങ്ങൾ താഴെ വിവരിക്കുന്നു

- വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങളും ഭൂപടങ്ങളും ലഭ്യമാക്കുന്നു.
- തിരഞ്ഞെടുക്കപ്പെട്ട 10 നിയമസഭാ നിയോജക മണ്ഡലങ്ങളിൽ ആസ്തി സംബന്ധമായ വിവരശേഖരണം തയ്യാറാക്കിയിട്ടുണ്ട്.
- ഓരോ പ്രദേശത്തെയും നിലവിലുള്ള ഭൂവിനിയോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ഉപഗ്രഹ ചിത്രങ്ങളെ അടിസ്ഥാനമാക്കി ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ ലാൻഡ് യൂസ്/ലാന്റ് കവർ മാപ്പുകളും റിപ്പോർട്ടുകളും തയ്യാറാക്കി.
- ആസൂത്രണ ബോർഡിന്റെ നിർദ്ദേശാനുസരണം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 13 പഞ്ചായത്തുകളിൽ, അതാതു പ്രദേശത്തെ പ്രശ്നങ്ങളും സാധ്യതകളും വിശകലനം ചെയ്തു പരമാവധി ഉൽപ്പാദനവും വരുമാനവും ലഭിക്കുന്നതിന് ഉതകുന്ന വിധത്തിൽ ഭൂവിനിയോഗ മാതൃകകൾ തയ്യാറാക്കി നൽകുകയുണ്ടായി.
- വിവിധ വകുപ്പുകളിൽ ഭൂവിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട് ലഭ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് ഇടുക്കി, കോഴിക്കോട്, കാസറഗോഡ് ഒഴികെയുള്ള ജില്ലകളുടെ ഡേറ്റാ ബാങ്കുകൾ തയ്യാറാക്കിയിട്ടുണ്ട്. ഈ 3 ജില്ലകളുടെ ഡേറ്റാ ബാങ്കുകൾ അടുത്ത സാമ്പത്തിക വർഷം തയ്യാറാക്കുന്നതാണ്

- പ്രകൃതി വിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനം കാഴ്ച വച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രകൃതി വിഭവ സംരക്ഷണ അവാർഡുകൾ നൽകുകയുണ്ടായി.
- പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം പരിപാലനം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് നൽകുന്നതിന് ദേശീയ സംസ്ഥാന മേഖലാ തല സെമിനാറുകൾ, സംഘടിപ്പിച്ചു. കൂടാതെ വിദ്യാർത്ഥികൾക്ക് വിവിധ മത്സരങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഇതോടൊപ്പം പ്രസിദ്ധീകരണങ്ങൾ വഴിയും ബോധവൽക്കരണം നടത്തുന്നു.
- നീർത്തടാസൂത്രണം ജി.ഐ.എസ് എന്ന വിഷയത്തിൽ വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.
- പ്രകൃതി വിഭവങ്ങളുടെ വ്യത്യസ്തമായ തോതുകളിലുള്ള വിവരശേഖരങ്ങൾ ഉപയോഗിക്കുന്നതിന് വെബ് അധിഷ്ഠിതമായ ഒരു ഭൂവിവര സംവിധാനം വികസിപ്പിച്ച്, സാമൂഹിക സാമ്പത്തിക അറിവുകളുമായി സംയോജിപ്പിച്ച് വികസന വകുപ്പുകളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനുമായി നൽകുകയുണ്ടായി. സംസ്ഥാനത്തെ ഏഴ് ജില്ലകളിൽ ഈ സംവിധാനം പൂർത്തിയാക്കുകയുണ്ടായി. ഈ വെബ്സൈറ്റിന് സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡും ലഭിക്കുകയുണ്ടായി.
- പാലക്കാട് ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ഗായത്രി സബ് വാട്ടർഷെഡിൽ വരുന്ന മൈക്രോ വാട്ടർഷെഡുകൾക്കുള്ള എൻ.ആർ.എം. പദ്ധതി തയ്യാറാക്കി നൽകി. ഇതിലെ നിർദ്ദേശങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ മുൻഗണന നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് ഇറക്കുകയും ചെയ്തു.
- സംസ്ഥാന ഗ്രാമ വികസന വകുപ്പിന് വേണ്ടി സംയോജിത നീർത്തട പദ്ധതിയിൻ കീഴിൽ ഓരോ വർഷവും ഏറ്റെടുക്കേണ്ട പദ്ധതി പ്രദേശങ്ങളുടെ പ്രാഥമിക പദ്ധതി രേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുകയുണ്ടായി.
- സംയോജിത നീർത്തട പദ്ധതിയിൻ കീഴിൽ 5 ബ്ലോക്ക് പഞ്ചായത്തു കൾക്ക് വിശദമായ പദ്ധതി രേഖ തയ്യാറാക്കി നൽകുകയുണ്ടായി.
- സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ച് ബ്ലോക്ക് തല നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി നൽകുകയുണ്ടായി.

**ലാൻഡ് യൂസ് കമ്മീഷണർ**